**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1433** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ടൂറിസം വകുപ്പ് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരെഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08.06.2022-ൽ നടക്കുകയുണ്ടായി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യുകയും ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര തദ്ദേശ സ്ഥാപനങ്ങൾ അപേക്ഷ നൽകിയെന്നും എത്ര സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ചുവെന്നും അറിയിക്കുമോ? | (ബി) | ഈ പദ്ധതി പ്രകാരം 109 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഈ അപേക്ഷകൾ ഇവാല്യുവേഷൻ നടത്തുന്നതിനായി സർക്കാർ രൂപീകരിച്ച ഇവാല്യുവേഷൻ കമ്മറ്റി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ യോഗം ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഓരോ പദ്ധതിയും പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 58 പദ്ധതികൾ |

| | | | |
|---|---|---|---|
| | | | **അംഗീകരിക്കാവുന്നതാണെന്നും ഇവയുടെ DPR കമ്മറ്റി നിർദ്ദേശിച്ച ഭേദഗതികളോടെ സമർപ്പിക്കുന്ന പക്ഷം ഭരണാനുമതി നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ